# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 09 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### സുരക്ഷിത പൂങ്കാവനത്തിനായി അഗ്നിശമന രക്ഷാസേനയുടെ 18 നിർദേശങ്ങൾ

സുരക്ഷിത പൂങ്കാവനത്തിനായി ശബരിമല സന്നിധാനത്ത് സദാസമയവും ജാഗരൂകരായിരിപ്പുണ്ട് അഗ്നിശമന രക്ഷാസേന. സുരക്ഷിത തീർഥാടനത്തിനായി അഗ്നിശമന രക്ഷാസേന 18 സുരക്ഷാ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തീർഥാടകരും ഉദ്യോഗസ്ഥരും കച്ചവടക്കാരും ഉൾപ്പെടെ എല്ലാവരും പാലിക്കേണ്ട നിർദേശങ്ങൾ ഇവയാണ്.

1. സ്ഥാപനങ്ങളിൽ അഞ്ചിൽ കൂടുതൽ പാചകവാതക സിലിണ്ടറുകൾ സൂക്ഷിക്കാൻ പാടില്ല.
2. സിലിണ്ടർ, തറ നിരപ്പിലും അടുപ്പ്, മുകളിലുമായി സജ്ജീകരിക്കേണ്ടതാണ്.
3. പാചകവാതക സിലണ്ടറുകൾ ചങ്ങലയുപയോഗിച്ച് താഴിട്ട് പൂട്ടാൻ പാടില്ല.
4. സിലിണ്ടറിൽ നിന്നും പാചകവാതകം ചോർന്നാൽ ഉടൻതന്നെ റെഗുലേറ്റർ ഓഫ് ചെയ്ത് തുറസ്സായ സ്ഥലത്തേക്ക് മാറ്റേണ്ടതാണ്.
5. പാചകവാതക സിലിണ്ടറുകൾ ചൂട് തട്ടാതെ സൂക്ഷിക്കുക. അതായത് സിലിണ്ടർ തീയിൽ നിന്നും നിശ്ചിത അകലം പാലിക്കണം.
6. ഗ്യാസ് സിലിണ്ടർ ട്യൂബുകൾ ഐ.എസ്.ഐ മാർക്കുള്ളത് മാത്രം

ഉപയോഗിക്കുക.
7. പാചകവാതക സിലിണ്ടറുകൾ തല കീഴായും ചെരിച്ചും സൂക്ഷിക്കുവാൻ പാടില്ല.
8. സ്ഥാപനങ്ങളിൽ പ്രാഥമിക അഗ്നിശമന ഉപകരണങ്ങളായ ഫയർ എക്സ്റ്റിംഗുഷറുകളും ഫയർ ബക്കറ്റുകളും സ്ഥാപിക്കുക.
9. സ്ഥാപനങ്ങളിൽ വിവിധഭാഷകളിൽ 'നോ സ്മോക്കിംഗ്', 'ഫയർ എക് സിറ്റ്' ബോർഡുകൾ സ്ഥാപിക്കുക.
10. പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ വിവിധ ഭാഷകളിൽ എമർജൻസി ഫോൺ നമ്പറുകൾ പ്രദർശിപ്പിക്കുക.
11. മൊബൈൽഫോൺ ചാർജിങ് സെന്ററുകളിൾ മൽട്ടിപിൻ ഉപയോഗിച്ച് കൂടുതൽ മൊബൈൽ ഫോണുകൾ ഒരേസമയം ചാർജ് ചെയ്യാൻ പാടില്ല.
12. തീപിടുത്തമുണ്ടായാൽ ഉടൻ ഫയർ എക്സ്റ്റിംഗുഷറുകൾ പ്രവർത്തിപ്പിക്കുക.
13. അഗ്നിശമന സേനയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് അഗ്നിശമന രക്ഷാപ്രവർത്തനങ്ങളെപ്പറ്റിയുള്ള അവബോധം ഉറപ്പുവരുത്തുക.
14. സ്ഥാപനങ്ങളിലെ പുറത്തേക്കുള്ള വഴിയിൽ പാഴ്വസ്തുക്കൾ കൂട്ടിയിട്ട് മാർഗതടസ്സം ഉണ്ടാകാതിരിക്കുക.
15. തീപ്പിടിത്ത സാധ്യതയുള്ള ദ്രാവകങ്ങളോ സ്ഫോടക വസ്തുക്കളോ സംഭരിക്കാൻ പാടില്ല.
16. വിരികളിൽ ഭക്തർ ഭക്ഷണം പാചകം ചെയ്ത് കഴിക്കരുത്.
17. വൈദ്യൂതി ഉപകരണങ്ങൾ ശരിയായ രീതിയിൽ എർത്ത് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുക.
18. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അഗ്നിശമന രക്ഷാപ്രവർത്തനങ്ങളെ പറ്റിയുള്ള അവബോധം അഗ്നിശമന സേനയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.
ഏത് അടിയന്തിരഘട്ടത്തിലും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ടോൾഫ്രീ നമ്പറായ 101 ലും ലാൻഡ് ലൈൻ നമ്പറായ 04735 202033 എന്ന നമ്പറിലും ബന്ധപ്പെടണമെന്ന് സന്നിധാനം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി–148)

## സന്നിധാനത്ത് ഭക്തിയുടെ ഓളം തീർത്ത് പുല്ലാങ്കുഴൽ നാദധാര

ശബരിമല സന്നിധാനം ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ ഭക്തിയുടെ ഓളങ്ങൾ തീർത്ത് വേണു ആദിനാടിന്റെ പുല്ലാങ്കുഴൽ കച്ചേരി. ഏഴാംവർഷമാണ് പ്രശസ്ത പുല്ലാങ്കുഴൽ വാദകനായ വേണു സന്നിധാനത്ത് കച്ചേരി അവതരിപ്പിക്കുന്നത്. ഇരുമുടിക്കെട്ടുനിറച്ചാണ് ഇദ്ദേഹം എത്തിയത്. പ്രശസ്തമായ ഭക്തിഗാനങ്ങൾ ആസ്വാദകർ കൈയടികളോടെയാണ് വരവേറ്റത്. ഇരുപതോളം ഭക്തിഗാനങ്ങളാണ് വേണു വായിച്ചത്. ഹാർമോണിയത്തിൽ പ്രമോദ് കരുനാഗപ്പള്ളിയും ഇടയ്ക്കയിൽ ഉമ്മന്നൂർ

മനോജ് കുമാറും പിന്നണിയേകി. പ്രവീൺ മേനോൻ കോഴിക്കോടിന്റേതായിരുന്നു ടൈമിംഗ്.

(പി.ആർ. ശബരി–149)

## സന്നിധാനത്തിന്റെ ചരിത്രത്തിനൊപ്പം പറകൊട്ടിപാടി പ്രസാദ് ആറന്മുള

മാളിക പുറത്തമ്മയുടെ ശ്രീകോവിലിനരികിൽ ശ്രീ മണികണ്ഠ സ്വാമിയുടെ മണിമണ്ഡപത്തിനു മുന്നിൽ പ്രസാദ് ആറന്മുള പറകൊട്ടി പാടി തുടങ്ങിയിട്ട് അമ്പതാണ്ടായി. അച്ഛനോടൊപ്പം എട്ടു വയസ്സിൽ പതിനെട്ടാം പടി ചവിട്ടിയതാണ്. അന്നു തന്നെ അച്ഛന്റെ പരികർമിയായി. ഇതിനകം ശത്രുദോഷ നിവാരണത്തിന് തന്റെ മുന്നിൽ ലക്ഷക്കണക്കിന് അയ്യപ്പന്മാർ ഇരുന്ന് പ്രാർത്ഥിച്ചിട്ടുണ്ട്.

പറകൊട്ടി പാട്ട് അരനൂറ്റാണ്ടു മുമ്പുവരെ പതിനെട്ടാം പടിക്കു താഴെയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അന്ന് മാളിക പുറത്തിനടുത്ത് ഘോരവനത്തിൽ പുലികളെ കാണാമായിരുന്നുവെന്ന് അച്ഛൻ പറയുമായിരുന്നു. ഇപ്പോൾ തിരക്ക് കൂടി. എന്നാൽ 41 ദിവസം കഠിനവ്രതമെടുക്കാതെ വരുന്നവരിൽ ഭക്തി കുറയുന്നുവെന്ന ആശങ്ക അദ്ദേഹം പങ്കുവെച്ചു. പണ്ട് ശബരിമല യാത്ര നഗ്ന പാദരായി കല്ലും മുള്ളും ചവിട്ടി പരമ്പരാഗത കാനന പാതയിലൂടെയായിരുന്നു. ഉൾവനങ്ങളിലെല്ലാം അയ്യപ്പ ശരണ മന്ത്രങ്ങളായിരുന്നു അന്ന്. ആത്മശുദ്ധീകരണമായിരുന്നു എല്ലാ അയ്യപ്പന്മാരുടേയും ലക്ഷ്യം. പതിനെട്ടാം പടി ചവിട്ടി അയ്യപ്പനെ ദർശിച്ച് സായൂജ്യം നേടി മാളിക പുറത്തമ്മയെ വണങ്ങി ദോഷ നിവാരണത്തിനായി പറകൊട്ടി പാടി ആത്മസായൂജ്യം നേടി മലയിറങ്ങുന്ന ഭക്തൻ പുതിയ മനുഷ്യനാകുന്നു.

പതിറ്റാണ്ടുകൾക്കു മുൻപ് നാൽപതോളം പേർ ഇവിടെ പറകൊട്ടി പാടിയിരുന്നു. ഇപ്പോൾ 14 പേരാണ് പറക്കൊട്ടി ദോഷമകറ്റുന്നത്. കോടതി വിധിയെ തുടർന്നാണിത്. പന്തള രാജകുമാരനായിരുന്ന ശ്രീമണികണ്ഠനെ ബാധിച്ച ശത്രുദോഷമകറ്റാൻ പരമശിവൻ മലവേടനായി കൊട്ടാരത്തിൽ വന്ന് ശത്രുദോഷം മാറ്റിയെന്നും ശബരിമലയിലെത്തുന്ന അയ്യപ്പന്മാരുടെ ദോഷമകറ്റാൻ ശിവ ഭഗവാന്റെ നിയോഗത്തിലാണ് പറ കൊട്ടുന്നതെന്നുമാണ് വിശ്വാസം. കൂടെയുള്ളവരെല്ലാം ബന്ധുജനങ്ങളാണ്. മുന്നിൽ ഇരിക്കുന്ന ഓരോ ഭക്തരെയും അയ്യപ്പനായി സങ്കല്പിച്ചാണ് പാടുന്നതെന്നും അവരുടെ ദോഷങ്ങൾ തങ്ങൾ ഏറ്റെടുക്കുന്നതായാണ് സങ്കൽപ്പമെന്ന് അദ്ദേഹം പറഞ്ഞു. അരനൂറ്റാണ്ടിനകം ശബരിമലയിലുണ്ടായ മാറ്റങ്ങൾ വിസ്മയകരമാണെന്നും അദ്ദേഹം വിലയിരുത്തുന്നു.

(പി.ആർ. ശബരി–150)

## ഫോട്ടോ അടിക്കുറിപ്പ്

ശബരിഫോട്ടോസ് 123-123(1)
ഭക്തരുടെ ശത്രുദോഷമകറ്റാൻ മാളികപ്പുറത്ത് പറകൊട്ടിപാടുന്ന പ്രസാദ് ആറന്മുള

ശബരിഫോട്ടോസ് 124-124(1)
സന്നിധാനം ഓഡിറ്റോറിയത്തിൽ അരങ്ങേറിയ വേണു ആദിനാടിന്റെ പുല്ലാങ്കുഴൽ കച്ചേരി


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 09 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### സന്നിധാനത്ത് വിരി വെക്കാൻ വിശാലമായ സൗകര്യം

ശബരിമല സന്നിധാനത്ത് വിരി വെക്കാൻ ഇക്കുറി വിശാലമായ സൗകര്യമൊരുക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. പ്രസാദ മണ്ഡപം നടപ്പന്തൽ, വാവർ സ്വാമി നടപ്പന്തൽ, വടക്കേ നട, ഗസ്റ്റ് ഹൗസിന് മുൻവശം, പാണ്ടിത്താവളം എന്നിവിടങ്ങളിൽ തുറസ്സായ വിരി വെക്കാവുന്ന സൗജന്യ സൗകര്യമുണ്ട്.

ഇതിന് പുറമെ സൗജന്യമായി വിരി വെക്കാവുന്ന 5133 ചതുരശ്ര മീറ്ററിലുള്ള സൗകര്യവുമുണ്ട്. വലിയ നടപ്പന്തൽ, മീഡിയ സെൻററിന് മുകൾവശം, മാഗുണ്ട അയ്യപ്പനിലയം, മരാമത്ത് കോംപ്ലക്സിന് സമീപഎം എന്നിവയാണിവ. പണം നൽകി വിരി വെക്കാവുന്ന കേന്ദ്രങ്ങൾ 4681.5 ചതുരശ്ര മീറ്ററിലുണ്ട്. അന്നദാന മണ്ഡപത്തിന് മുകളിൽ, പോലീസ് ബാരക്കിന് എതിർവശം, പാണ്ടിത്താവളം എന്നിവിടങ്ങളിലാണിത്.

വാടകയ്ക്ക് നൽകുന്ന മുറികൾ 12 കേന്ദ്രങ്ങളിലുണ്ട്. ശബരി ഗസ്റ്റ് ഹൗസ്, പ്രണവം, സഹ്യാദ്രി, കൈലാസ്, പാലാഴി, സോപാനം, ശ്രീമണികണ്ഠ, ചിൻമുദ്ര, ശിവശക്തി, തേജസ്വിനി, ശ്രീമാത, മരാമത്ത് ഓഫീസ് കോംപ്ലക്സ് എന്നിവയാണിവ. ഇവയിലായി 540 മുറികളുണ്ട്. ഈ മുറികൾ

ഓൺലൈനായും ബുക്ക് ചെയ്യാം. വെബ്സൈറ്റ്: [http://sabarimala.tdb.org.in/](http://sabarimala.tdb.org.in/)

(പി.ആർ. ശബരി–151)

**ശബരിമല നാളത്തെ(10.12.19 )ചടങ്ങുകൾ**

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണി തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണി നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.